# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:946 29/09/2016-ൽ മറുപടിയ്ക്ക്**

## <u>പാണ്ഡ്യാലക്കടവ് പാലം</u>

| <u>ചോദ്യം</u><br>ശ്രീ.എം. രാജഗോപാലൻ | <u>മറുപടി</u><br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് പഞ്ചായത്തിനെ കണ്ണൂർ ജില്ലയിലെ രാമന്തളിയുമായി ബന്ധിപ്പിച്ച് പാണ്ഡ്യാലക്കടവിൽ പാലം നിർമ്മിക്കാനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;<br><br>ബി) കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ കാലത്ത്, നബാർഡ് മുഖേന എ.എസ് ലഭിച്ച ഈ പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | എ) യും ബി) യും കാസർഗോഡ് ജില്ലയിലെ രാമന്തളി വലിയപറമ്പ നടപ്പാലത്തിന്റെ നിർമ്മാണത്തിന് 750 ലക്ഷം രൂപയുടെ ഭരണാനുമതി നബാർഡ് RIDF-XVI ൽ ഉൾപ്പെടുത്തി നൽകിയിരുന്നു.<br><br>അതനുസരിച്ച് പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ സ്ഥലം എം.എൽ.എ., പഞ്ചായത്ത് അധികൃതർ, മറ്റു ജനപ്രതിനിധികൾ എന്നിവർ ഇടപെടുകയും നടപ്പാലത്തിനു പകരം ഒരു സിംഗിൾ ലെയിൻ ബ്രിഡ്ജ് ആണ് ആവശ്യമെന്ന് അറിയിക്കുകയുമുണ്ടായി. അതനുസരിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ നൽകിയ പുതുക്കിയ എസ്റ്റിമേറ്റ് നബാർഡിന് സമർപ്പിച്ചിരുന്നുവെങ്കിലും ഭരണാനുമതി ലഭ്യമായിട്ടില്ല. തുടർന്ന് ടി പദ്ധതിയുടെ രൂപരേഖ . RIDF XIX, XX, XXI-ൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി നബാർഡിന് സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ഇതുവരെ ലഭ്യമായിട്ടില്ല. ടി പദ്ധതിക്ക് നബാർഡിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| സി) ഈ പ്രവൃത്തി നടപ്പിൽ വന്നാൽ ദ്വീപ് പഞ്ചായത്തായ വലിയ പറമ്പിലെ ജനങ്ങളുടെ യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കപ്പെടും എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? | സി) ഉണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ